# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2886** **13.03.2018 ൽ മറുപടിയ്ക്ക്**

## നാളികേര കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് നടപടികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി ഇ.എസ്.ബിജിമോൾ<br>ശ്രീ.ഇ.കെ.വിജയൻ<br>ശ്രീ. ഇ.ടി. ടൈസൺ മാസ്റ്റർ<br>ശ്രീമതി സി.കെ. ആശ | ശ്രീ. വി.എസ്. സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |

| | |
|---|---|
| എ) കേരം തിങ്ങും കേരളനാട് എന്ന വിശേഷണം നഷ്ടമായിക്കൊണ്ടിരിക്കുന്ന കേരളത്തിൽ നാളികേര കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കുമോ;<br><br>ബി) നാളികേരത്തിന്റെ അനന്തസാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിന് എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ; | എ) & ബി) നാളികേരോൽപ്പാദനത്തിനും വ്യാപനത്തിനും ഊന്നൽ നൽകിക്കൊണ്ട് 1193 ചിങ്ങം 1 മുതൽ 1194 ചിങ്ങം 1 വരെയുള്ള ഒരു വർഷക്കാലം നാളികേര വർഷമായി ആചരിച്ച് വരുകയാണ്. 2017-18 സാമ്പത്തിക വർഷം വർഷം നാളികേര കൃഷി വികസനത്തിനായി 4500/- ലക്ഷം രൂപ വാർഷിക ബഡ്ജറ്റിൽ വകയിരുത്തിക്കൊണ്ട് വിവിധങ്ങളായ സംസ്ഥാനാവിഷ്കൃത പദ്ധതികൾ നടപ്പിലാക്കി വരുന്നു.<br><br>നാളികേരത്തിന്റെ ഉൽപ്പാദനവും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കാനായി സംയോജിത വിളപരിപാലന മുറകൾ സ്വീകരിച്ച് നാളികേര കൃഷിസംരക്ഷണവും അഭിവൃദ്ധിപ്പെടുത്തലും ലക്ഷ്യമിട്ടുകൊണ്ട് സമഗ്ര നാളികേര കൃഷി വികസന ത്തിനായി ക്ലസ്റ്റർ അടിസ്ഥാനത്തിൽ കേരഗ്രാമം എന്ന സംസ്ഥാനാവിഷ്കൃത പദ്ധതി 2017-18 വർഷം സംസ്ഥാനത്ത് എല്ലാ ജില്ലകളിലും നടപ്പിലാക്കിവരുന്നു.<br><br>ഉല്പാദനക്ഷമത വർദ്ധിപ്പിക്കുക, കേര കൃഷിയിൽ നിന്നുള്ള വരുമാനം വർദ്ധിപ്പിക്കുക, വിളവെടുപ്പിന് നേരിടുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണുക, കണിക ജലസേചനം വഴി ജല ഉപയോഗം ക്രമീകരിക്കുക എന്നീ ലക്ഷ്യങ്ങൾ നടപ്പിലാക്കുന്നതിനായി അത്യുൽപാദന ശേഷിയുള്ള കുറിയ ഇനം |

തെങ്ങുകളുടെ ശാസ്ത്രീയ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായുള്ള പദ്ധതിയും 2017-18 വർഷം നടപ്പിലാക്കിവരുന്നു.

തെങ്ങുകളെ ബാധിക്കുന്ന കീടരോഗങ്ങൾക്കെതിരെ പ്രതിരോധ മാർഗ്ഗങ്ങൾ ഒരു ക്യാമ്പയിൻ അടിസ്ഥാനത്തിൽ അവലംബിക്കാനുള്ള 300 ലക്ഷം രൂപയുടെ പദ്ധതിയും കേന്ദ്ര തോട്ടവിള കേന്ദ്രവുമായി സഹകരിച്ച് നാളികേരവികസനത്തിനായി 269.2426 ലക്ഷം രൂപയുടെ പദ്ധതിയും നടപ്പിലാക്കി വരുന്നു.

കൂടാതെ SCSP/TSP മേഖലകളിൽ തെങ്ങ് പ്രദർശന തോട്ടങ്ങൾ സ്ഥാപിക്കുവാൻ 175 ലക്ഷം രൂപയുടെ പദ്ധതിയും, പ്രായാധിക്യവും, രോഗം മൂലവും ഉല്പാദനക്ഷമത കുറഞ്ഞ തെങ്ങുകൾ വെട്ടിമാറ്റി, പുതിയവ നടുന്നതിനും, ബാക്കി നിലനിൽക്കുന്ന തെങ്ങുകളെ ശാസ്ത്രീയമായി പരിപാലിക്കുന്നതിന് വേണ്ടിയുള്ള 1315.65 ലക്ഷം രൂപയുടെ നാളികേര വികസന ബോർഡിന്റെ കേന്ദ്രാവിഷ്കൃത പദ്ധതിയും ഈ വർഷം നാളികേര വികസനത്തിനായി സംസ്ഥാന കൃഷി വകുപ്പ് നടപ്പിലാക്കിവരുന്നു.

കൊല്ലവർഷം 1193 ചിങ്ങം1 മുതൽ 1194 ചിങ്ങം 1 വരെ "കേരവർഷ"മായി ആചരിക്കുവാൻ പ്രഖ്യാപിക്കുകയും ഊർജ്ജിത കർമ്മപരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കുവാനായി നാളികേര കൃഷി വികസനത്തിനായുള്ള പദ്ധതികൾക്കായി 2018-19 വർഷത്തേയ്ക്ക് ബഡ്ജറ്റ് വിഹിതമായി 5000/- ലക്ഷം രൂപയാണ് അനുവദിച്ചിരിക്കുന്നത്.

| | |
|---|---|
| സി) നാളികേര മിഷൻ നടപ്പിലാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; ആയതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വെളിപ്പെടുത്തുമോ; | സി) ഉണ്ട്. നടീൽ വസ്തുക്കൾ മുതൽ മൂല്യ വർദ്ധിത കേരോല്പന്നങ്ങളുടെ വിപണനം വരെയുള്ള മേഖലയിൽ ക്രിയാത്മകമായി ഇടപെടുക എന്ന ഉദ്ദേശ ലക്ഷ്യത്തോടു കൂടി വികസനം, ഗവേഷണം, വിജ്ഞാനവ്യാപനം, അടിസ്ഥാന സൗകര്യ വികസനം, വിപണനം.സംസ്കരണം, മൂല്യ വർദ്ധിത മൂലധന നിക്ഷേപം, കയറ്റുമതി, നൂതനമായ ആശയങ്ങൾ തുടങ്ങിയ |

ഘടകങ്ങൾ ഉൾപ്പെടുത്തി കൃഷി വകുപ്പ് മന്ത്രി ചെയർമാനായി സമഗ്ര പദ്ധതി ആസൂത്രണം ചെയ്ത് ഒരു മിഷൻ മോഡിൽ നടപ്പിലാക്കുക എന്നതാണ് കേരള കോക്കനട്ട് മിഷന്റെ രൂപീകരണം കൊണ്ട് ഉദ്ദേശിക്കുന്നത്.

| | |
|---|---|
| ഡി) നാളികേരത്തിൽ നിന്നും മൂല്യ വർദ്ധിത ഉല്പന്നങ്ങൾ ഉണ്ടാക്കുന്നതിനും അവ വ്യാപകമായി പ്രചരിപ്പിക്കുന്നതിനും നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | ഡി) നാളികേരത്തിന്റെ മൂല്യവർദ്ധിത ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിനും ഉയർന്ന വില ഉറപ്പാക്കുന്നതിനും മലപ്പുറം ജില്ലയിൽ കൃഷി വകുപ്പിന് കീഴിലുള്ള മുണ്ടേരി അഗ്രിക്കൾച്ചറൽ ഫാമിലും കോഴിക്കോട് ജില്ലയിലെ കൂത്താളി ഫാമിലും ഓരോ അഗ്രോ പാർക്കുകൾ സ്ഥാപിക്കുവാനുള്ള നടപടി സ്വീകരിച്ച് വരുന്നു.<br>കോക്കനട്ട് പ്രൊഡ്യൂസർ കമ്പനികൾക്ക് സ്മാൾ ഫാർമേഴ്സ് അഗ്രി ബിസിനസ്സ് കൺസോർഷ്യം മുഖേന മൂല്യ വർദ്ധിത ഉല്പന്ന സംരംഭങ്ങൾക്ക് പ്രോത്സാഹനം നൽകി വരുന്നു.നീര ഉല്പാദനം വർദ്ധിപ്പിക്കുന്നതിലേക്കായി നീര ടെക്നീഷ്യൻ പരിശീലനം നൽകുന്നതിനുള്ള നടപടികൾ കേരള സ്റ്റേറ്റ് കോക്കനട്ട് ഡവലപ്മെന്റ് കോർപ്പറേഷൻ മുഖേന നടപ്പിലാക്കി വരുന്നു.<br>സംസ്ഥാനത്ത് കാർഷികോല്പന്നങ്ങളുടെ മൂല്യ വർദ്ധനവിനും കർഷക സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനുമായി സംസ്ഥാന കൃഷി വകുപ്പ് 2016 മുതൽ വൈഗ എന്ന ദേശീയതല സംരംഭകരുടെ പരിപാടികളും സംഘടിപ്പിച്ച് വരുന്നുണ്ട്. |

Mayal

**സെക്ഷൻ ഓഫീസർ**